LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ജോലി എന്ന പദ്ധതി

37(5484) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്ക് ജോലി എന്ന പദ്ധതിയിലുൾപ്പെടുത്തി ആലത്തൂർ നിയോജകമണ്ഡലത്തിലെ എത്ര കുടുംബങ്ങൾക്ക് ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കാമോ?

(എ&ബി) അത്തരത്തിൽ ഒരു പദ്ധതി നിലവിലില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിൽ

38(5485) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് നൈപുണ്യ പോഷണത്തിന്റെ അടിസ്ഥാനത്തിൽ പ്ലേസ്മെന്റ് നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരത്തിൽ പരിശീലനം പൂർത്തിയാക്കുന്നവർക്ക് സ്വദേശത്തും വിദേശത്തും പ്ലേസ്മെന്റ് ലഭ്യമാക്കുന്നുണ്ട്. വിവര സാങ്കേതികവിദ്യ, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ്, ഫാഷൻ ഡിസൈനിംഗ്, ഐ.റ്റി.ഐ. എന്നീ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം 2019-20 വർഷത്തിൽ 72 കോഴ്സുകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5051 പേരുടെ പരിശീലനത്തിന് അനുമതി നൽകുകയും 1786 പേർ നിലവിൽ പരിശീലനം പൂർത്തിയാക്കിയതിൽ 405 പേർക്ക് പ്ലേസ്മെന്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് നൂതന തൊഴിൽ മേഖലകളിൽ പരിശീലനം നൽകി 2016-17

LIBRARY ARCHIVES Kerala Legislative Assembly

മുതൽ 2019-20 വരെ 2990 പേർക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 22 പേർക്ക് വിദേശ രാജ്യങ്ങളിലാണ് ജോലി ലഭ്യമായിട്ടുള്ളത്. ഇതിനുപുറമെ സ്വകാര്യ തൊഴിൽ മേഖലയിൽ തൊഴിൽദാതാക്കൾക്ക് ആവശ്യമുള്ള രീതിയിൽ പരിശീലനം നൽകി തൊഴിലവസരം ഉറപ്പാക്കാൻ വെർച്വൽ ടൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പ്രവർത്തനം കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (KDISC) എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

ഈ പദ്ധതിപ്രകാരം ഓരോ വർഷവും 1000-ത്തോളം പട്ടികജാതി/പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് തൊഴിൽ നൽകാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ കോവിഡ് വ്യാപനം പ്രസ്തുത പരിശീലന പദ്ധതികളെ ബാധിച്ചിട്ടുണ്ട്.

ദേവസ്വം ബോർഡുകളിൽ പട്ടികജാതി സംവരണം വർദ്ധിപ്പിക്കുന്നതിന് നടപടി

39(5486) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം വർദ്ധിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് പട്ടികജാതിക്ഷേമ സമിതി (പി.കെ.എസ്.) ദേവസ്വം ബോർഡുകളിലും ദേവസ്വം വകുപ്പിലും നിവേദനങ്ങൾ നൽകിയിട്ടുണ്ടോ; മേൽനിവേദനങ്ങളുടെ തുടർനടപടികളുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

പട്ടികജാതി വിഭാഗത്തിന് ദേവസ്വം നിയമനങ്ങളിലുള്ള സംവരണം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് പട്ടികജാതിക്ഷേമ സമിതിയിൽനിന്ന് നിവേദനം ലഭ്യമായിരുന്നു. പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട ദേവസ്വം വകുപ്പിലെ ഫയലിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. 2015-ൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് നിലവിൽ വന്നതിനുശേഷമാണ് ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.